ട്രൈബൽ സ്കൂളുകൾക്കും വെൽഫെയർ സ്കൂളുകൾക്കും കെട്ടിടങ്ങൾ

* 404. [432] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഗവൺമെൻറ് ട്രൈബൽ സ്കൂളുകൾക്കും വെൽഫെയർ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

സംസ്ഥാനത്ത് വെൽഫയർ സ്കൂൾസ് എന്ന പ്രത്യേക വിഭാഗം നിലവിൽ ഇല്ല. സ്വന്തമായി കെട്ടിടമില്ലാത്ത ട്രൈബൽ സ്കൂളുകൾക്ക് ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി 21 കെട്ടിടങ്ങൾ പണിയുന്നതിനു വേണ്ടി സർക്കാരിന് പദ്ധതിയുണ്ട്. 1979-80 മുതൽ എല്ലാ ബഡ്ജറ്റുകളിലും ഇതിന് തുക വകകൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റ് തുകയനുസരിച്ച് പൊതുമരാമത്തു വകുപ്പു പണികൾ ചെയ്തു വരുന്നു.

പോലീസ് സേനയുടെ നവീകരണം

* 405. [433] ശ്രീ. കെ. ടി. കണാരൻ :
,, കെ. ടി. കുമാരൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട് ;

(ബി) പോലീസ് സേനാ വിഭാഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പോലീസ് സേനയെ നവീകരിക്കുന്നതിന് അഞ്ചു വർഷം കൊണ്ട് (1980-90) ഘട്ടം ഘട്ടമായി ചെയ്തുതീർക്കാനുള്ള ഒരു പദ്ധതിയാണ് നിലവിലുള്ളത്. ഇതുപ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

1. എല്ലാ പോലീസ് സ്റ്റേഷനുകൾക്കും വാഹനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. എല്ലാ സ്റ്റേഷനുകളിലും വാർത്താവിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

3. ആധുനിക ഉപകരണങ്ങളോടുകൂടിയ കമ്പ്യൂട്ടർ സെൻറർ സ്ഥാപിച്ചിട്ടുണ്ട്.

4. പോലീസ് പരിശീലന കേന്ദ്രങ്ങളിൽ ആധുനികരീതിയിലുള്ള പരിശീലനോപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

5. ഫോറൻസിക് സയൻസ് ലാബറട്ടറിയിലും ഫിംഗർപ്രിൻറ് ബ്യൂറോയിലും ഫോട്ടോഗ്രാഫിക് യൂണിറ്റിലും ആധുനികരീതിയിലുള്ള ഉപകരണങ്ങൾ നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly